പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1987 26-10-2026-ൽ മറുപടിയ്ക്ക്

പെരുമണ്ണ-ക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. പി .എം. എ. സമീർ	ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പെരുമണ്ണ-ക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് മുൻപ് ആറ് കോടി രൂപ അനുവദിച്ചിരുന്നതും ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 2026 സെപ്റ്റംബർ 9-ന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവകേരള സദസ്സിൽ ഉയർന്നുവന്ന വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള മലപ്പുറം ജില്ലയിലെ പെരുമണ്ണ-ക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണത്തിന്റെ ഭരണാനുമതിയ്ക്കായി ആർദ്രം മാനദണ്ഡ പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളുടെ സേവന വ്യവസ്ഥകൾക്ക് അനുസൃതമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് പുന:സമർപ്പിച്ചിട്ടുണ്ട്. ആയത് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയൽ നമ്പർ പി.എൽ.ബി.3-20364/2025 മുഖേന പരിശോധിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ചു ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസങ്ങൾ ഉണ്ടോയെന്നും ഇല്ലെങ്കിൽ പ്രവൃത്തി വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

മറുപടി: മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

(സി) പ്രവൃത്തിയുടെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് ഈ ഫയലിൽ ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

മറുപടി: മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

മറുപടി: മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ